# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 7 (ANNUALEXAM 2024)**

**1) യിസ്രായേലിനു ന്യായപാലനം നടത്തിയ ഏക സ്ത്രീരത്നം?**
**<u>A) ദെബോര</u>**
B) ഏലി
C) ഗിദെയോൻ
D) യായീർ

**2) തെരഞ്ഞെടുക്കപ്പെട്ട ന്യായാധിപന്മാരിൽതന്നെ തിന്മകൾ കണ്ടാൽ ദൈവം ശിക്ഷിക്കും എന്നതിന് ഏറ്റവും നല്ല ഉദാഹരണം?**
**<u>A) ശിംശോൻ</u>**
B) യിപ്താഹ്
C) ഗിദെയോൻ
D) ശമുവേൽ

**3) ന്യായാധിപ-പുരോഹിത-പ്രവാചക പൈതൃകത്തിലെ ഏറ്റവും ശ്രദ്ധേയനായ വ്യക്തി?**
**<u>A) ശമുവേൽ</u>**
B) ദാവീദ്
C) അഹറോൻ
D) ഏലി

**4) 'ഏബൻ എസർ' എന്ന വാക്കിന്റെ അർത്ഥം?**
**<u>A) ഇത്രത്തോളം യഹോവ സഹായിച്ചു.</u>**
B) യഹോവ എന്റെ കൊടി.
C) യഹോവ കരുതിക്കൊള്ളും.
D) ഇത് യഹോവയുടെ ആലയം.

**5) ശൗൽ രാജസ്ഥാനത്തുനിന്നും തള്ളപ്പെടുവാൻ ഇടയായതിന്റെ കാരണങ്ങളിൽ ഉൾപ്പെടാത്തത് ഏത്?**
**<u>A) ഗോലിയാത്തിനെ വധിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.</u>**
B) ശമുവേലിനെ കാത്തിരിക്കാതെ യാഗം കഴിച്ചു.
C) ശപഥാർപ്പിത വസ്തുക്കളുടെ കാര്യത്തിൽ അനുസരണക്കേടു കാണിച്ചു.
D) അമാലേക്യരെ പൂർണമായി നശിപ്പിക്കാതെ അനുസരണക്കേടു കാണിച്ചു.

**6) ശൗലിന്റെ മരുമകനായിരുന്ന വ്യക്തി (മകളുടെ ഭർത്താവ്)?**
**<u>A) ദാവീദ്</u>**
B) യോനാഥാൻ
C) മെഫീബൊസേക്
D) അബ്ശാലോം

**7) ബാല്യത്തിൽ ദാവീദിന്റെ തൊഴിൽ എന്തായിരുന്നു?**
**<u>A) ആടിനെ മേയ്ക്കുക</u>**
B) പട്ടാളക്കാരൻ
C) കൃഷി
D) സഹോദരന്മാർക്കു ഭക്ഷണം എത്തിച്ചുകൊടുക്കുക.

**8) ദൈവം ദാവീദിനു നൽകിയ വലിയൊരു വാഗ്ദത്തം?**
**<u>A) യേശു ദാവീദിന്റെ പുത്രൻ എന്നു വിളിക്കപ്പെടും.</u>**

B) യിസ്രായേലിന്റെ രാജാവാക്കി.
C) ഗോല്യാത്തിനെ കൊല്ലുവാൻ ശക്തി നൽകി.
D) ശൗലിന്റെ എല്ലാ ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടുത്തി.

**9) ശലോമോൻ ദൈവത്തോട് ആവശ്യപ്പെട്ടത് എന്താണ്?**
<u>A) **ജ്ഞാനം**</u>
B) സമ്പത്ത്
C) സമാധാനം
D) ശത്രുസംഹാരം

**10) ശലോമോന്റെ തകർച്ചയ്ക്കു കാരണമായതെന്ത്?**
<u>A) **അന്യദൈവ ആരാധന.**</u>
B) ധനത്തോടുള്ള അഭിനിവേശം.
C) ജ്ഞാനത്തിലുള്ള അഹങ്കാരം.
D) ദേവാലയത്തെ അശുദ്ധമാക്കി.

**11) ''പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ, ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കും.'' യേശു എന്തു ചെയ്തുകൊണ്ടാണ് ശിഷ്യന്മാരോട് ഇതു പറഞ്ഞത്?**
<u>A) **അവരുടെമേൽ ഊതിക്കൊണ്ട്.**</u>
B) അവരുടെമേൽ കൈവച്ചുകൊണ്ട്.
C) സ്വർഗ്ഗാരോഹണം ചെയ്തുകൊണ്ട്.
D) കൈ ഉയർത്തി അനുഗ്രഹിച്ചുകൊണ്ട്.

**12) ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട ആദ്യസംഭവം എവിടെ രേഖപ്പെടുത്തിയിരിക്കുന്നു?**
<u>A) **വി. യോഹന്നാൻ 20:23**</u>
B) വി. മത്തായി 28:20
C) വി. മർക്കോസ് 16:19
D) വി. ലൂക്കോസ് 24:30

**13) യരുശലേമിൽനിന്നും എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരും യേശുവും തമ്മിലുള്ള സംഭാഷണത്തിൽ പരാമർശിക്കാതിരുന്ന വിഷയം തെരഞ്ഞെടുക്കുക.**
<u>A) **കർത്താവ് വീണ്ടും വരും എന്നുള്ളത്.**</u>
B) പ്രവാചകന്മാർ യേശുവിനെക്കുറിച്ചു പറഞ്ഞിട്ടുള്ളവ.
C) കല്ലറ സന്ദർശിച്ച സ്ത്രീകളെ സംബന്ധിച്ച്.
D) യേശുവിന്റെ മരണം.

**14) എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ യേശുവിനെ തിരിച്ചറിഞ്ഞത് എപ്പോൾ?**
<u>A) **കർത്താവ് വാഴ്ത്തിയ അപ്പം ഭക്ഷിച്ചപ്പോൾ .**</u>
B) യേശു തിരുവെഴുത്തുകൾ ഉദ്ധരിച്ചപ്പോൾ.
C) യേശു മന്ദബുദ്ധികളെ എന്നു വിളിച്ചപ്പോൾ.
D) യേശുവിന്റെ മുഖം കണ്ടപ്പോൾ.

**15) എത്ര ദിവസം കഴിഞ്ഞാണ് യേശു മാർത്തോമാ ശ്ലീഹായ്ക്കു പ്രത്യക്ഷനായത്?**
<u>A) 8</u>
B) 6
C) 3
D) 5

**16) 'അവനോടുകൂടെ മരിക്കേണ്ടതിനു നാമും പോക' എന്നു പറഞ്ഞ ശിഷ്യൻ?**

**<u>A) തോമസ്</u>**

B) പത്രോസ്

C) യോഹന്നാൻ

D) യാക്കോബ്

**17) യേശു 'സാത്താനേ' എന്ന സംബോധന ചെയ്തു ശിഷ്യൻ?**

**<u>A) പത്രോസ്</u>**

B) തോമസ്

C) യൂദ

D) മത്തായി

**18) പത്രോസ് ശ്ലീഹായുടെ പിതാവ്?**

**<u>A) യോഹന്നാൻ</u>**

B) സെബദി

C) യാക്കോബ്

D) അല്ഫായി

**19) 'സ്വർഗ്ഗാരോഹണം ചെയ്ത യേശു വീണ്ടും വരും' എന്നു ശിഷ്യന്മാരെ അറിയിച്ചത് ആര്?**

**<u>A) ദൈവദൂതന്മാർ</u>**

B) യേശു

C) കന്യകമറിയം

D) പിതാവാം ദൈവം

**20) യേശു സ്വർഗ്ഗാരോഹണം ചെയ്ത മല?**

**<u>A) ഒലിവ്</u>**

B) താബോർ

C) സീനായ്

D) മോറിയാ

**21) 'നിൻ കൈ മെനഞ്ഞ ശരീരത്തിൽ**
**നിന്റെ വലത്തേതാകണമേ**
**നിന്റെ ...................... കോട്ടയതായ്**
**എനിക്കു നീ ചുറ്റിച്ചു കൊള്ളണമേ.' പൂരിപ്പിക്കുക.**

**<u>A) കരുണകൾ</u>**

B) നന്മകൾ

C) മാലാഖമാർ

D) കൃപകൾ

**22) 'ശത്രുക്കണയരുതേ ദുഷ്ടൻ' ആരുടെ പ്രാർത്ഥനയാൽ?**

**<u>A) മാതാവിന്റെ</u>**

B) കർത്താവിന്റെ

C) പരിശുദ്ധന്മാരുടെ

D) പിതാക്കന്മാരുടെ

**23) 'ഞങ്ങളുടെ നാഥനായ കർത്താവേ ഞങ്ങളുടെ സഹായത്തിനു വരണമേ.......................' പ്രാർത്ഥന പൂർത്തിയാക്കുക.**

**<u>A) ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ.</u>**

B) ആത്മാക്കളും ശരീരങ്ങളും ഒരുമിച്ചു നിലവിളിച്ചു പറയുമാറാകണമേ.

C) നിന്റെ കോപം ഞങ്ങളെ നശിപ്പിച്ചു കളയരുതേ.

D) ഞങ്ങളോടു കരുണ ചെയ്യണമേ.

**24) 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്നെ വിളിക്കുന്ന ഞങ്ങളോട് ഉത്തരം അരുളണമേ' എന്നാരംഭിക്കുന്ന പ്രാർത്ഥന ഏതു യാമത്തിലാണ് ചൊല്ലുന്നത്?**

**A) മൂന്നാം മണി**

B) സന്ധ്യ

C) സൂത്താറ

D) ഒമ്പതാംമണി

**25) 'മഹോന്നതന്റെ മറവിലിരിക്കുന്ന കർത്താവേ' എന്നു തുടങ്ങുന്ന പ്രാർത്ഥന ഏതു സങ്കീർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു?**

**A) 91**

B) 121

C) 119

D) 23

**26) മാർ സേവേറിയോസിന്റെ മാനീസായിൽ താഴെ പറയുന്ന ഏതു പദമാണ് കർത്താവിനു പകരമായി ഉപയോഗിച്ചിട്ടില്ലാത്തത്?**

**A) പുത്രൻ തമ്പുരാൻ**

B) മഹോന്നതന്റെ മറവിലിരിക്കുന്നവനേ

C) മഹത്വമുള്ള രാജാവ്

D) ദൈവമേ

**27) 'മൊറിയോ റാഹേം മേലൈൻ ഉ ആദാറൈൻ' എന്ന പ്രാർത്ഥനയുടെ അർത്ഥം?**

**A) കർത്താവേ കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമേ.**

B) ആദി മുതൽ എന്നേക്കുംതന്നേ.

C) പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

D) രണ്ടു ലോകങ്ങളിലും എന്നേക്കും കരുണ ചൊരിയണമേ.

**28) 'മന്നമകൾ' ആര്?**

**A) ദൈവമാതാവ്**

B) ഗബ്രിയേൽ മാലാഖ

C) യേശുക്രിസ്തു

D) ഇവർ ആരുമല്ല.

**29) 'നയവാൻ പനപോലെ തളിർത്തിടുമേ...............' ഇത് ഏതു വേദഭാഗം?**

**A) സങ്കീർത്തനം 92**

B) സങ്കീർത്തനം 45

C) സങ്കീർത്തനം 103

D) സങ്കീർത്തനം 51

**30) 'മശിഹാ തൻ സഭയിൽ - ശക്തി വളർത്തിയ നിങ്ങളുടെ....................' അടുത്ത വരി തെരഞ്ഞെടുക്കുക.**

**A) സ്മൃതി മാനിച്ചോ - നെഞ്ചും ധന്യൻ താൻ.**

B) സഭയും സുതരും സ്തുതി പാടീടട്ടെ.

C) മകുടും വാനിൽ - ഭക്തജനം ഭൂവിൽ.

D) പ്രാർത്ഥന കൃപയേറ്റട്ടെ - ഞങ്ങൾക്കെന്നും.

**31) മാർത്തോമാ ക്രിസ്ത്യാനികളുടെ പൈതൃകം വിളിച്ചോതുന്ന ഒരു കലാരൂപം?**

**A) മാർഗം കളി**
B) ഒപ്പന
C) തിരുവാതിര
D) മോഹിനിയാട്ടം

**32) 'എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ' ഇത് ആരു പറഞ്ഞു?**
**A) മാർത്തോമാ ശ്ലീഹാ**
B) പത്രോസ് ശ്ലീഹാ
C) യോഹന്നാൻ ശ്ലീഹാ
D) യാക്കോബ് ശ്ലീഹാ

**33) മാർത്തോമാ ശ്ലീഹായെ ഗോണ്ടഫോറസ് രാജാവിനു പരിചയപ്പെടുത്തിയ വ്യക്തി?**
**A) ഹാബാൻ**
B) ഗാദ്
C) ദൈവദൂതൻ
D) ദൈവമാതാവ്

**34) മാർത്തോമാ ശ്ലീഹാ മുകളിലേക്കെറിഞ്ഞ വെള്ളം മുകളിൽതന്നെ നിന്ന സംഭവം നടന്ന സ്ഥലം?**
**A) പാലയൂർ**
B) പറവൂർ
C) മൈലാപ്പൂർ
D) തിരുവാങ്കോട്

**35) കൂദാശകളുടെ രാജ്ഞി?**
**A) വി. കുർബാന**
B) മാമോദീസാ
C) മൂറോൻ കൂദാശ
D) വിവാഹം

**36) ആരാധനാവേളയിൽ നാം നിൽക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ ശുശ്രൂഷക്കാരൻ പറഞ്ഞുതരുന്നതിൽ ഉൾപ്പെടാത്തത്?**
**A) മാമോദീസാ മുങ്ങിയ വിശ്വാസികളുടെ സാന്നിധ്യം**
B) പാപപരിഹാരം നൽകുന്ന ബലിപീഠം
C) അനുഗ്രഹിക്കുന്നവനായ കർത്താവിന്റെ മുമ്പാകെ
D) ആരാധിക്കപ്പെടേണ്ട പൗരോഹിത്യത്തിന്റെ സാന്നിധ്യം

**37) കോരഹ്, ദാഥാൻ തുടങ്ങിയവരുടെ മത്സരഫലമായി ഉണ്ടായ ദൈവകോപം അടങ്ങിയത് എങ്ങനെ?**
**A) അഹറോൻ മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും മധ്യേ ധൂപകലശവുമായി നിന്നപ്പോൾ.**
B) അവർ ദൈവത്തോട് ക്ഷമ ചോദിച്ച് മാനസാന്തരപ്പെട്ടപ്പോൾ.
C) മോശ ഉപവസിച്ച് പ്രാർത്ഥിച്ചപ്പോൾ.
D) മോശയും അഹറോനും ബലി അർപ്പിച്ചു പ്രാർത്ഥിച്ചപ്പോൾ.

**38) ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടി ദൂതന്റെ കൈയിൽ നിന്ന് ദൈവസാന്നിധ്യത്തിലേക്ക് ഉയരുന്നതായി പറയുന്നത് ഏതു പുസ്തകത്തിൽ?**
**A) വെളിപ്പാട് പുസ്തകം**
B) യോഹന്നാന്റെ സുവിശേഷം
C) ലേവ്യപുസ്തകം

D) സങ്കീർത്തനങ്ങൾ

**39) ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.**
**A) ശ്ലീഹാനോമ്പ് കാനോനിക നോമ്പാണ്.**
B) എട്ടുനോമ്പ് കാനോനിക നോമ്പാണ്.
C) ശ്ലീഹാനോമ്പും എട്ടുനോമ്പും കാനോനിക നോമ്പുകളല്ല.
D) ശരിയായ ഉത്തരം ഇവിടെ നൽകിയിട്ടില്ല.

**40) നിശ്ചിത തീയതി ഇല്ലാത്ത നോമ്പ് ഏത്?**
**A) വലിയ നോമ്പ്**
B) ശ്ലീഹാ നോമ്പ്
C) യൽദോ നോമ്പ്
D) പതിനഞ്ചു നോമ്പ്

**41) ചുവടെ പറയുന്നവരിൽ ഏകാന്തവാസിയായിരുന്ന സന്ന്യാസി ആര്?**
**A) അന്തോനിയോസ്**
B) ബസേലിയോസ്
C) പക്കോമിയോസ്
D) ഗ്രിഗോറിയോസ്

**42) സന്ന്യാസിമാരുടെ വ്രതത്രയങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) ഏകാന്തത**
B) അനുസരണ
C) ദാരിദ്ര്യം
D) ബ്രഹ്മചര്യം

**43) വലിയ മാർ ബസേലിയോസിന്റെ ഓർമ്മദിനം എന്ന്?**
**A) ജനുവരി 1**
B) ഫെബ്രുവരി 1
C) ഫെബ്രുവരി 2
D) ജനുവരി 2

**44) കപ്പദോക്യൻ പിതാക്കന്മാരിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) പൗലോസ് മാർ ഗ്രിഗോറിയോസ്**
B) വലിയ മാർ ബസേലിയോസ്
C) നിസായിലെ ഗ്രിഗോറിയോസ്
D) നാസിയാൻസിലെ ഗ്രിഗോറിയോസ്

**45) ഗ്രിഗോറിയോസ് എന്ന വാക്കിന്റെ അർത്ഥമെന്ത്?**
**A) ഉണർന്നിരിക്കുന്നവൻ**
B) ഭരിക്കുന്നവൻ
C) ഫലം പുറപ്പെടുവിക്കുന്നവൻ
D) ദൈവത്തിന്റെ സ്നേഹിതൻ

**46) നിസായിലെ ഗ്രിഗോറിയോസിനെക്കുറിച്ചു പഠനം നടത്തിയ നമ്മുടെ സഭയിലെ മെത്രാപ്പോലീത്താ.**
**A) പൗലോസ് മാർ ഗ്രിഗോറിയോസ്**
B) ഗീവർഗീസ് മാർ ഒസ്താത്തിയോസ്
C) പത്രോസ് മാർ ഒസ്താത്തിയോസ്
D) ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

**47) ദിവസം കുറഞ്ഞത് എത്ര ഗ്ലാസ് വെള്ളം കുടിക്കണം എന്നാണ് ആരോഗ്യശാസ്ത്രം പറയുന്നത്?**

**A) 8**
B) 16
C) 6
D) 12

**48) 'എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു.' ഇത് ഏതു സങ്കീർത്തനം?**
**A) 45**
B) 51
C) 91
D) 121

**49) 'കാക്കകളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നുമില്ല.' ഇത് ആരു പറഞ്ഞു?**
**A) യേശു**
B) യോഹന്നാൻ സ്നാപകൻ
C) പൗലോസ് ശ്ലീഹാ
D) യോഹന്നാൻ ശ്ലീഹാ

**50) പ്രകൃതിസ്നേഹത്തിനു യോജിക്കാത്തതു തെരഞ്ഞെടുക്കുക.**
**A) ചെടികളും വൃക്ഷങ്ങളും നടുന്നത് ഒഴിവാക്കുക.**
B) പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക.
C) മോട്ടോർ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക.
D) പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യരുത്.